എ.വൈ.ആർ

സൂറ–12

# യൂസുഫ്

وَقَالَ ٱلْمَلِكُ إِنِّىٓ أَرَىٰ سَبْعَ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ وَسَبْعَ
سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ ۖ يَٰٓأَيُّهَا ٱلْمَلَأُ أَفْتُونِى فِى رُءْيَٰىَ إِن
كُنتُمْ لِلرُّءْيَا تَعْبُرُونَ ﴿٤٣﴾

43 ഒരുനാൾ രാജാവ് പറഞ്ഞു: ഞാനൊരു സ്വപ്നം കണ്ടിരിക്കുന്നു. ഏഴു തടിച്ച ഗോക്കൾ. അവയെ ഏഴു ക്ഷയിച്ച ഗോക്കൾ തിന്നുകൊണ്ടിരിക്കുന്നു. പച്ചയായ ഏഴു ധാന്യക്കതിരുകൾ. വേറെ ഉണങ്ങിയ ഏഴു കതിരുകളും. അല്ലയോ വിദ്വാന്മാരേ, നിങ്ങൾ സ്വപ്നം വ്യാഖ്യാനിക്കാൻ കഴിവുള്ളവരെങ്കിൽ എന്റെ ഈ സ്വപ്നത്തിന്റെ ഫലം പറഞ്ഞു തരുവിൻ.

قَالُوٓا۟ أَضْغَٰثُ أَحْلَٰمٍ ۖ وَمَا نَحْنُ بِتَأْوِيلِ ٱلْأَحْلَٰمِ بِعَٰلِمِينَ
﴿٤٤﴾

44 അവർ ബോധിപ്പിച്ചു: അവ ജഡിലസ്വപ്നമാകുന്നു. അത്തരം കിനാക്കൾ വ്യാഖ്യാനിക്കാൻ ഞങ്ങൾക്കറിഞ്ഞുകൂടാ.

وَقَالَ ٱلَّذِى نَجَا مِنْهُمَا وَٱدَّكَرَ بَعْدَ أُمَّةٍ أَنَا۠ أُنَبِّئُكُم بِتَأْوِيلِهِۦ فَأَرْسِلُونِ
﴿٤٥﴾

45 തടവുകാരിൽ രക്ഷപ്പെട്ടവൻ കുറെ കാലത്തിനുശേഷം അപ്പോൾ യൂസുഫിനെ ഓർത്തുകൊണ്ട് അറിയിച്ചു. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം ഞാൻ പറഞ്ഞു തരാം; എന്നെ തടങ്കൽ പാളയത്തിലേക്കയച്ചാലും!

يُوسُفُ أَيُّهَا ٱلصِّدِّيقُ أَفْتِنَا فِى سَبْعِ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ عِجَافٌ
وَسَبْعِ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ لَّعَلِّىٓ أَرْجِعُ إِلَى ٱلنَّاسِ لَعَلَّهُمْ
يَعْلَمُونَ ﴿٤٦﴾

46 അവൻ ചെന്ന് യൂസുഫിനോടു പറഞ്ഞു: യൂസുഫേ, ബഹുസത്യസന്ധനായവനേ, ഞങ്ങൾക്ക് ഒരു സ്വപ്നം വ്യാഖ്യാനിച്ചു തരിക. തടിച്ച ഏഴു ഗോക്കൾ. അവയെ ക്ഷയിച്ച ഏഴു ഗോക്കൾ തിന്നുന്നു. പച്ചയായ ഏഴു കതിരുകൾ. ഉണങ്ങിയ ഏഴു കതിരുകൾ വേറെയും. ഞാൻ ജനങ്ങളിലേക്കു തിരിച്ചു പോട്ടെ, അവർ കാര്യമറിയട്ടെ.

قَالَ تَزْرَعُونَ سَبْعَ سِنِينَ دَأَبًا فَمَا حَصَدتُّمْ فَذَرُوهُ فِى سُنۢبُلِهِۦٓ إِلَّا قَلِيلًا
مِّمَّا تَأْكُلُونَ ﴿٤٧﴾

47 യൂസുഫ് ആ സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്തു: ഏഴാണ്ട് നിങ്ങൾ പതിവായി കൃഷി ചെയ്തു കൊണ്ടിരിക്കും. അക്കാലത്ത് കൊയ്തെടുക്കുന്നത് കുറച്ചു മാത്രം ഭക്ഷിക്കാനെടുത്ത് ശിഷ്ടമുള്ളത് കതിരുകളിൽതന്നെ സൂക്ഷിച്ചു കൊള്ളണം.

ثُمَّ يَأْتِى مِنۢ بَعْدِ ذَٰلِكَ سَبْعٌ شِدَادٌ يَأْكُلْنَ
مَا قَدَّمْتُمْ لَهُنَّ إِلَّا قَلِيلًا مِّمَّا تُحْصِنُونَ ﴿٤٨﴾

48 അനന്തരം കൊടും ക്ഷാമത്തിന്റെ ഏഴാണ്ട് വരുന്നതാണ്. ഈയാണ്ടുകൾക്കു വേണ്ടി നേരത്തെ കരുതി വെച്ചത് അപ്പോൾ നിങ്ങൾക്കു ഭക്ഷിക്കാം – പ്രത്യേകം സംരക്ഷിച്ചു വെച്ചിട്ടുള്ള അൽപമൊഴിച്ച്.

ثُمَّ يَأْتِى مِنۢ بَعْدِ ذَٰلِكَ عَامٌ فِيهِ يُغَاثُ ٱلنَّاسُ وَفِيهِ يَعْصِرُونَ
﴿٤٩﴾

49 അനന്തരം ഒരു വത്സരം വരും. അന്ന് ആളുകൾ സഹായിക്കപ്പെടുന്നതാകുന്നു. അന്ന് അവർ സമൃദ്ധമായി ഫലങ്ങൾ പിഴിഞ്ഞെടുക്കുകയും ചെയ്യും.

ഗോക്കളെ =بَقَرَٰتٍ ഏഴ് =سَبۡعَ ഞാൻ സ്വപ്നം കണ്ടിരിക്കുന്നു =إِنِّيٓ أَرَىٰ (ഒരുനാൾ) രാജാവു പറഞ്ഞു =وَقَالَ ٱلۡمَلِكُ

ഏഴു കതിരുകളും =وَسَبۡعَ سُنۢبُلَٰتٍ ക്ഷയിച്ചവ =عِجَافٌ ഏഴ്(ഗോക്കൾ) =سَبۡعٌ അവയെ തിന്നുകൊണ്ടിരിക്കുന്നു =يَأۡكُلُهُنَّ തടിച്ച =سِمَانٍ

അല്ലയോ പ്രമാണിമാരേ (വിദ്വാന്മാരേ) =يَٰٓأَيُّهَا ٱلۡمَلَأُ ഉണങ്ങിയ(ഏഴു കതിരുകളും) =يَابِسَٰتٍ വേറെ =وَأُخَرَ പച്ചയായ =خُضۡرٍ

നിങ്ങൾ ആണെങ്കിൽ =إِن كُنتُمۡ എന്റെ (ഈ) സ്വപ്നത്തിൽ(ത്തിന്റെ ഫലം) =فِي رُءۡيَٰيَ എനിക്കു പറഞ്ഞു തരുവിൻ =أَفۡتُونِي

അവർ പറഞ്ഞു(ബോധിപ്പിച്ചു) =قَالُوٓاْ വ്യാഖ്യാനം നൽകുന്നവർ (വ്യാഖ്യാനിക്കാൻ കഴിവുള്ളവർ) =تَعۡبُرُونَ സ്വപ്നത്തിന് =لِلرُّءۡيَا

ഞങ്ങൾ അല്ല =وَمَا نَحۡنُ (അവ) ജഡികസ്വപ്നങ്ങളാകുന്നു =أَضۡغَٰثُ أَحۡلَٰمٍۖ

അറിവുള്ളവർ(അറിഞ്ഞുകൂടാ) =بِعَٰلِمِينَ ജഡിക സ്വപ്നങ്ങളുടെ വ്യാഖ്യാനം(നങ്ങൾ വ്യാഖ്യാനിക്കാൻ) =بِتَأۡوِيلِ ٱلۡأَحۡلَٰمِ

അവർ ഓർത്തു =وَٱدَّكَرَ അപ്പോൾ ആ രണ്ടു തടവുകാരിൽ രക്ഷപ്പെട്ടവൻ പറഞ്ഞു(അറിയിച്ചു) =وَقَالَ ٱلَّذِي نَجَا مِنۡهُمَا

അതിന്റെ വ്യാഖ്യാനം =بِتَأۡوِيلِهِۦ നിങ്ങൾക്കു പറഞ്ഞുതരാം =أُنَبِّئُكُم ഞാൻ =أَنَا۠ കുറെകാലത്തിനുശേഷം =بَعۡدَ أُمَّةٍ

എന്നെ നിങ്ങൾ(തടങ്കൽ പാളയത്തിലേക്ക്)അയച്ചാലും =فَأَرۡسِلُونِ

ഞങ്ങൾക്ക് ഒരു സ്വപ്നം വ്യാഖ്യാനിച്ചു തരിക =أَفۡتِنَا (അവൻ ചെന്നു പറഞ്ഞു)യൂസുഫേ, ബഹുസത്യസന്ധാ =يُوسُفُ أَيُّهَا ٱلصِّدِّيقُ

അവയെ ഏഴു ക്ഷയിച്ചവ(ഗോക്കൾ) തിന്നുന്നു =يَأۡكُلُهُنَّ سَبۡعٌ عِجَافٌ കൊഴുത്ത ഏഴു ഗോക്ക(ൾ)ളിൽ =فِي سَبۡعِ بَقَرَٰتٍ سِمَانٍ

വേറെ ഉണങ്ങിയ (ഏഴു കതിരുകളും) =وَأُخَرَ يَابِسَٰتٍ ഏഴു പച്ചയായ കതിരുകളും =وَسَبۡعِ سُنۢبُلَٰتٍ خُضۡرٍ

അവർ (കാര്യം) അറിയ(ട്ടെ)ാൻ =لَعَلَّهُمۡ يَعۡلَمُونَ ജനങ്ങളിലേക്ക് =إِلَى ٱلنَّاسِ ഞാൻ തിരിച്ചു പോകാൻ(കട്ടെ) =لَّعَلِّيٓ أَرۡجِعُ

നിങ്ങൾ കൃഷി ചെയ്തു കൊണ്ടിരിക്കും =تَزۡرَعُونَ പറഞ്ഞു(യൂസുഫ് സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തു) =قَالَ

(അക്കാലത്ത്) നിങ്ങൾ കൊയ്തെടുത്ത(ക്കുന്ന)ത് =فَمَا حَصَدتُّمۡ പതിവായി, തുടർച്ചയായി =دَأَبًا ഏഴ് ആണ്ട് =سَبۡعَ سِنِينَ

അതിന്റെ കതിരിൽ(തന്നെ) =فِي سُنۢبُلِهِۦٓ അത് (ശിഷ്ടമുള്ളത്) നിങ്ങൾ ഉപേക്ഷിക്കുക (സൂക്ഷിച്ചു കൊള്ളേണം) =فَذَرُوهُ

വരും =يَأۡتِي പിന്നെ =ثُمَّ നിങ്ങൾ തിന്നുന്നതിനാലുള്ള(ഭക്ഷിക്കാനെടുത്ത്) =مِّمَّا تَأۡكُلُونَ കുറച്ച് ഒഴിച്ച്(മാത്രം) =إِلَّا قَلِيلًا

അവ തിന്നും (അപ്പോൾ ഭക്ഷിക്കാം) =يَأۡكُلۡنَ കൊടുമയായ (കൊടും ക്ഷാമത്തിന്റെ) =شِدَادٌ ഏഴ്(ആണ്ട്) =سَبۡعٌ അനന്തരം =مِنۢ بَعۡدِ ذَٰلِكَ

അവയ്ക്ക് (ഈയാണ്ടുകൾക്ക്) വേണ്ടി =لَهُنَّ നിങ്ങൾ മുന്തിച്ചത് (നേരത്തെ കരുതിവെച്ചത്) =مَا قَدَّمۡتُمۡ

പിന്നെ വരും =ثُمَّ يَأۡتِي നിങ്ങൾ സംരക്ഷിച്ചുവെച്ചതിനാലുള്ള (വെച്ചിട്ടുള്ള) =مِّمَّا تُحۡصِنُونَ കുറച്ച്, അൽപം ഒഴിച്ച് =إِلَّا قَلِيلًا

സഹായി (അനുഗ്രഹി)ക്കപ്പെടുന്നതാകുന്നു =يُغَاثُ അതിൽ(അന്ന്) =فِيهِ ഒരു വത്സരം =عَامٌ അതിനു ശേഷം =مِنۢ بَعۡدِ ذَٰلِكَ

അവർ (സമൃദ്ധമായി ഫലങ്ങൾ) പിഴിഞ്ഞെടുക്കുകയും ചെയ്യും =يَعۡصِرُونَ അ(ന്ന്)തിൽ =وَفِيهِ ആളുകൾ =ٱلنَّاسُ

**43,44:** അല്ലാഹു നിശ്ചയിച്ച കാര്യങ്ങൾ നിശ്ചിത സമയത്ത് നടപ്പിലാക്കാൻ അവന്റേതായ രീതികളുണ്ട്. യൂസുഫ് നബിയുടെ കാര്യത്തിൽ ദൈവ നിശ്ചയം നടപ്പിലാക്കിയ രീതിയാണ് ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്നത്. മിസ്രയീം രാജാവ് ഒരു ദിവസം ഈ സൂക്തങ്ങളിൽ പറഞ്ഞപ്രകാരം ഒരു സ്വപ്നം കാണുന്നു. അതൊരു പാഴ്സ്വപ്നമല്ലെന്നും തനിക്കും രാജ്യത്തിനും ഗുരുതരമായ എന്തോ സംഭവിക്കാൻ പോകുന്നതിന്റെ മുന്നറിയിപ്പാണെന്നും അദ്ദേഹത്തിനു തോന്നി. രാജാവ് നാട്ടിലെ ജോത്സ്യന്മാരെയും പുരോഹിതന്മാരെയും മറ്റു വിദ്വാന്മാരെയും വിളിച്ചുകൂട്ടി ആ സ്വപ്നം വ്യാഖ്യാനിക്കാനാവശ്യപ്പെടുന്നു. പക്ഷേ, അവർക്കാർക്കും അതിന്നൊരു വ്യാഖ്യാനം കണ്ടെത്താൻ കഴിയുന്നില്ല. ഇതു ജഢില സ്വപ്നങ്ങളാണെന്നും ഇത്തരം സ്വപ്നങ്ങൾ വ്യാഖ്യാനിക്കാൻ തങ്ങൾക്കറിഞ്ഞുകൂടെന്നും അവർ ഏകകണ്ഠമായി അറിയിച്ചു. أَضۡغَٰثُ أَحۡلَٰمٍۖ എന്ന പദം ജഢില സ്വപ്നങ്ങൾ എന്ന അർഥത്തിലും പാഴ്സ്വപ്നങ്ങൾ എന്ന അർഥത്തിലും ഉപയോഗിക്കും. ഈ സന്ദർഭത്തിൽ ഒന്നാമത്തെ അർഥമാണ് കൂടുതൽ യുക്തം. പലതരം കമ്പുകളും ഇലകളും കൂട്ടിക്കലർത്തി കെട്ടിയ കറ്റ എന്ന് ഭാഷാർഥമുള്ള **ضغث**ന്റെ ബഹുവചനമാണ് أَضۡغَٰثُ. സ്വപ്നം എന്നർഥമുള്ള **حلم** ന്റെ ബഹുവചനമാണ് أحلام. തടിച്ച ഏഴു പശുക്കൾ, ക്ഷയിച്ച ഏഴു പശുക്കൾ, പച്ചയായ ഏഴു കതിരുകൾ, ഉണങ്ങിയ ഏഴു കതിരുകൾ. തടിച്ച പശുക്കളെ ക്ഷയിച്ച പശുക്കൾ തിന്നുന്നു. ഇങ്ങനെ പരസ്പര വിരുദ്ധമായ ദൃശ്യങ്ങൾ കൂടിക്കുഴഞ്ഞതുകൊണ്ട് തങ്ങളുടെ വ്യാഖ്യാന വൈഭവത്തിനു വഴങ്ങാത്ത ജഢിലമായ സ്വപ്നമാണിതെന്നാണ് വിദ്വാന്മാർ രാജാവിനെ ബോധിപ്പിക്കുന്നത്. രാജാവ് إِن كُنتُمۡ لِلرُّءۡيَا تَعۡبُرُونَ എന്ന വാക്യത്തിലൂടെ, അതുമിതും പറഞ്ഞാൽ പോരാ, പറയുന്നത് ശരിയായ വ്യാഖ്യാനം തന്നെ ആയിരിക്കണമെന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ടായിരുന്നു.

ഈ സൂക്തത്തിൽ وَأُخَرَ يَابِسَٰتٍۖ എന്നതിനു ശേഷം يَأۡكُلُهُنَّ എന്നൊരു വാക്ക് അനുക്തമായിട്ടുണ്ടെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. തടിച്ച കതിരുകളെ തിന്നുന്ന വേറെ ഏഴു ഉണങ്ങിയ കതിരുകൾ എന്നാകും അപ്പോൾ അർഥം. മുറിച്ചു കടക്കുക, താണ്ടുക എന്നർഥമുള്ള عَبر യിൽ നിന്നുള്ളതാണ് تَعۡبُرُونَ. നദി മുറിച്ചു കടക്കുന്നതിന് عبر النّهر എന്നു പറയും. ഇതുൾക്കൊള്ളുന്ന ഒരു കരയിൽനിന്ന് മറുകരയിലെത്തുക എന്ന ആശയത്തെ അജ്ഞാതമായതിൽ നിന്ന് വിജ്ഞാതമായതിലേക്ക് കടക്കുക എന്നാക്കി വികസിപ്പിച്ച

പ്പോൾ അതിന് ബഹുവിധ അർഥങ്ങളും രൂപങ്ങളുമുണ്ടായി. മനസ്സിലുള്ള ആശയം ഭാഷയിലൂടെ മറ്റുള്ളവരുടെ അറിവിൽ എത്തിക്കുന്നത് عِبَارَة ഉം ഒരു സംഗതിയിൽനിന്ന് പഠിക്കുന്ന പാഠം عِبرة ഉം ആകുന്നു. ഉള്ളിലെ ദുഃഖത്തെയും സന്തോഷത്തെയും പ്രകടിപ്പിക്കുന്ന കണ്ണുനീരിനെ عَبرة എന്നു പറയുന്നു. സ്വപ്ന വ്യാഖ്യാനത്തിന് تعبير الرّؤيا എന്നാണ് പറയുക. സ്വപ്നത്തിലൊളിഞ്ഞു കിടക്കുന്ന രഹസ്യത്തെ സുജ്ഞാതമായി വെളിപ്പെടുത്തുക എന്നാണതിന്റെ താൽപര്യം.

**45:** രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കുന്നതിൽ വിദ്വാന്മാർ നിസ്സഹായത പ്രകടിപ്പിക്കുകയും രാജാവിന്റെ പരിഭ്രമം നിലനിൽക്കുകയും ചെയ്തപ്പോൾ അത് കൊട്ടാരത്തിൽ സംസാര വിഷയമായി. ഈ അവസരത്തിൽ രാജാവിന്റെ പാനീയം തയാറിപ്പുകാരൻ താൻ പണ്ടു കണ്ട സ്വപ്നവും അതിന് യൂസുഫ് പറഞ്ഞ വ്യാഖ്യാനവും ഓർത്തു. وَٱدَّكَرَ بَعْدَ أُمَّةٍ എന്നാണ് മൂല വാക്ക്. ذكر ൽ നിന്നുള്ള اذتكر എന്ന ക്രിയയിലെ ت യെ ഉച്ചാരണ സൗകര്യാർഥം د (ദാൽ) ആയി മാറ്റുകയും തൊട്ടുമുമ്പുള്ള ذ നെ ആ 'ദാലി'ൽ ലയിപ്പിക്കുകയും ചെയ്ത രൂപമാണ് ادّكر. സ്വയം ഓർത്തെടുത്തു എന്നും നല്ലവണ്ണം ഓർത്തു എന്നും അർഥം ലഭിക്കാനാണ് ذَكَرَ യെ ادّكر യാക്കി മാറ്റുന്നത്. أمّة ന്റെ മൗലികമായ അർഥം ദീർഘകാലം എന്നാണ്. ഒരു സമുദായത്തിന്റെ, തലമുറയുടെ ജീവിതകാലം എന്ന അടിസ്ഥാനത്തിൽ പിന്നീട് സമൂഹം, തലമുറ, സവിശേഷ സ്വത്വമുള്ള സമൂഹം തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിച്ചു. ഇവിടെ أمّة ഉപയോഗിച്ചിരിക്കുന്നത് അതിന്റെ മൗലികമായ അർഥത്തിലാണ്. രാജസേവകൻ യൂസുഫിനെ മറന്നു നടന്നത് രണ്ടുവർഷമാണെന്നത്രെ ബൈബിൾ പറയുന്നത്.

ഇതിന്റെ വ്യാഖ്യാനം ഞാൻ പറഞ്ഞുതരാം, എന്നെ അയക്കുവീൻ- أَنَا۠ أُنَبِّئُكُم بِتَأْوِيلِهِۦ فَأَرْسِلُونِ എന്ന വാക്യം സേവകൻ പറഞ്ഞതിന്റെ സംക്ഷിപ്തമാണ്. അയാൾ തന്റെ സ്വപ്ന കഥയും യൂസുഫിന്റെ വിശേഷങ്ങളും, രാജാവിനെയും രാജസദസ്സിനെയും വിവരിച്ച കേൾപ്പിച്ചിട്ടുണ്ടായിരിക്കാം. ഒടുവിൽ രാജാവിന്റെ സ്വപ്ന ഫലവും ഞാൻ അദ്ദേഹത്തെ ചെന്നു കണ്ട് ചോദിച്ചറിഞ്ഞ് നിങ്ങൾക്കു പറഞ്ഞുതരാം, അതിന് എന്നെ അങ്ങോട്ടയച്ചാലും എന്നപേക്ഷിക്കുകയാണയാൾ. ചില വ്യാഖ്യാതാക്കൾ ഇങ്ങനെയും അഭിപ്രായപ്പെടുന്നുണ്ട്: 'പരിചാരകൻ തന്റെ സ്വപ്നാനുഭവവും യൂസുഫിന്റെ കഥയുമൊക്കെ രാജാവിൽനിന്നും രാജസഭയിൽനിന്നും മറച്ചുവെച്ചു. അതൊക്കെ ആദ്യമേ വെളിപ്പെടുത്തിയാൽ അവരൊന്നും വിശ്വസിക്കുകയില്ലെന്നു കരുതിയിട്ടാവാം. ശരിയായ സ്വപ്ന വ്യാഖ്യാനവുമായി തിരിച്ചെത്തുമ്പോൾ കഥകളെല്ലാം വിശദമായി പറയാം. അപ്പോൾ രാജാവും സഭയും അത്ഭുതപ്പെടുകയും യൂസുഫിന്റെ കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കുകയും ചെയ്യും. അതിനാൽ, തൽക്കാലം എന്നെ കൊട്ടാരം വിട്ടുപോകാൻ അനുവദിക്കണം എന്നുമാത്രം പറയുകയാണയാൾ.'

**46:** രാജാവും സഭയും പരിചാരകന് കൊട്ടാരത്തിൽനിന്നു പുറത്തുപോകാനനുമതി നൽകി. അയാൾ ജയിലിൽ ചെന്ന് യൂസുഫിനെ കണ്ടു വിവരം പറഞ്ഞു. അല്ലയോ സ്വപ്ന വ്യാഖ്യാതാവേ എന്ന് സംബോധന ചെയ്യാതെ, അയാൾ യൂസുഫേ, ബഹു സത്യസന്ധാ- يُوسُفُ أَيُّهَا ٱلصِّدِّيقُ എന്ന് സംബോധന ചെയ്തത് ശ്രദ്ധേയമാകുന്നു. സംസാരിക്കുമ്പോൾ സത്യം പറയുന്നവൻ മാത്രമല്ല صدّيق. മനസാ വാചാ കർമണാ സത്യസന്ധനാകുന്നവനേ 'സിദ്ദീഖ്' ആകൂ. പറയുന്നത് ഉള്ളതാണെന്ന് കുറിക്കുന്ന സംഗതി പുറത്തുണ്ടായിരിക്കുകയാണ് വാക്കിലെ സത്യസന്ധത. പറയുന്നതിനെതിരായോ ധർമവിരുദ്ധമായോ പ്രവർത്തിക്കാതിരിക്കുക കർമത്തിലെ സത്യസന്ധത. പറയുന്ന വാക്കുകൾ ഉള്ളിലുള്ള വികാരവിചാരങ്ങളുടെ നേർ തർജമയാവുകയാണ് മാനസിക സത്യസന്ധത. ഈ മൂന്നു ഗുണങ്ങളും മേളിക്കുമ്പോഴാണ് ഒരാൾ 'സിദ്ദീഖ്' ആകുന്നത്. ഈ നിലകളിലെല്ലാം യൂസുഫിന്റെ സത്യസന്ധത അനുഭവിച്ചറിഞ്ഞയാളാണ് രാജ സേവകൻ. അദ്ദേഹത്തോടുള്ള അയാളുടെ കലവറയില്ലാത്ത മതിപ്പും വിശ്വാസവും വെളിപ്പെടുത്തുകയാണ് ഈ സംബോധനയിലൂടെ.

അനന്തരം അയാൾ രാജാവിന്റെ സ്വപ്ന ദൃശ്യം വിവരിച്ചു കൊടുത്ത് അതിന്റെ വ്യാഖ്യാനം ആവശ്യപ്പെടുന്നു. തുടർന്ന് പറയുന്ന, ഞാൻ ജനങ്ങളിലേക്ക് തിരിച്ചു പോകട്ടെ, അവർ കാര്യം മനസ്സിലാക്കട്ടെ- لَّعَلِّيٓ أَرْجِعُ إِلَى ٱلنَّاسِ لَعَلَّهُمْ يَعْلَمُونَ എന്ന വാക്യം ആ സ്വപ്ന വ്യാഖ്യാനത്തിനു ജനങ്ങൾ കൽപിക്കുന്ന പ്രാധാന്യത്തെയും അതുമായി അവരിലേക്ക് തിരിച്ചു പോകാനുള്ള രാജസേവകന്റെ തിടുക്കത്തെയും സൂചിപ്പിക്കുന്നു. സ്വപ്ന ഫലമെന്തെന്നറിയാൻ അയാളുടെ ആഗമനവും കാത്ത് ആകാംക്ഷാഭരിതരായിരിക്കുകയാണവർ. لَعَلَّهُمْ يَعْلَمُونَ അവർ അറിയട്ടെ എന്ന വാക്യം, സ്വപ്ന വ്യാഖ്യാനമറിഞ്ഞ് ആളുകളുടെ ആകാംക്ഷക്കറുതിയാവട്ടെ എന്നും താങ്കൾ എത്രയും പെട്ടെന്ന് ജയിൽ മോചിതനാവാൻ, ഞാൻ ചെന്ന് താങ്കളുടെ ഗുണങ്ങളും സിദ്ധികളും അവരെ അറിയിക്കട്ടെ എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. രണ്ടാശയങ്ങളും ഒരുമിച്ചും ഉദ്ദേശ്യമാകാവുന്നതാണ്. കൊല്ലങ്ങളോളം, തന്നെ മറന്നു കളഞ്ഞ ജയിൽ സഖാവിനോട് യൂസുഫ്(അ) പരിഭവിക്കുകയോ നീരസപ്പെടുകയോ  അതെപ്പറ്റി സൂചിപ്പിക്കുകയോ പോലും ചെയ്യുന്നില്ല എന്നത് ഇവിടെ ശ്രദ്ധേയമാകുന്നു. അദ്ദേഹത്തിന്റെ മാതൃകാപരമായ സ്വഭാവ മഹിമയുടെയും മനോവിശുദ്ധിയുടെയും നിദർശനമാണത്.

**47-49:** രാജദൂതൻ ആവശ്യപ്പെട്ടതു പ്രകാരം യൂസുഫ്(അ) രാജാവിന്റെ സ്വപ്ന ദർശനത്തിനു നൽകിയ വ്യാഖ്യാനമാണിത്. വ്യാഖ്യാനത്തോടൊപ്പം അതിൽ തെളിയുന്ന ആപത്തിനെ മറികടക്കാനുള്ള മാർഗവും നിർദേശിച്ചിരിക്കുന്നു. ആദ്യത്തെ ഏഴാണ്ടിലുണ്ടാകുന്ന സമൃദ്ധമായ വിള അമിതമായി ഉപയോഗിക്കുകയോ പാഴാക്കികളയുകയോ ചെയ്യാതെ ഉപഭോഗം പരിമിതമാക്കി മിച്ചം വെച്ചു സൂക്ഷിക്കണം. കതിരിൽ തന്നെ സൂക്ഷിക്കാൻ നിർദേശിക്കുന്നത് ധാന്യങ്ങൾ ദീർഘകാലം കേടുകൂടാതിരിക്കുന്നതിനുവേണ്ടിയാണ്. ധാന്യങ്ങളുടെ കതിരിലും ഉമിയിലുമൊക്കെ അവയുടെ കാമ്പിനെ നശിപ്പിക്കുന്ന കീടങ്ങളെ പ്രതിരോധിക്കുന്ന ചില പദാർഥങ്ങളുണ്ട്. തവിടു കളഞ്ഞ് പൊടിച്ചെടുത്ത അരിയെക്കാൾ കൂടുതൽ കാലം സുരക്ഷിതമായിരിക്കുക തവിടുകളയാത്ത അരിയായിരിക്കുമ്പോഴാണ്. ഉമികളയാത്ത നെല്ലായിരിക്കുമ്പോൾ അതിലേറെ കാലം സുരക്ഷിതമായിരിക്കും. നെല്ല് കതിരിൽ തന്നെ സൂക്ഷിക്കുമ്പോൾ അതിലുമേറെ കാലം ഈടു നിൽക്കുന്നു.

സുഭിക്ഷ വർഷങ്ങളിൽ സൂക്ഷിച്ചു വെച്ച മിച്ചധാന്യം നിയന്ത്രിതമായി ഉപയോഗിച്ചുകൊണ്ട് ക്ഷാമവർഷങ്ങൾ പട്ടിണി കൂടാതെ കഴിയാം. سَبْعٌ شِدَادٌ ന്റെ ഭാഷാർഥം കഠിനങ്ങളായ അല്ലെങ്കിൽ ദൃഢങ്ങളായ ഏഴ് എന്നാണ്. شِدَادٌ കാലവുമായി ചേർത്തു പറയുമ്പോൾ വിവക്ഷ വരൾച്ചയും ക്ഷാമവുമാകുന്നു. ക്ഷാമത്തിന്റെ ഏഴാണ്ടിൽ കരുതിവെച്ച ധാന്യം മുഴുവൻ തിന്നു തീർത്തു കൂടാ. അൽപം ബാക്കി വെച്ചിരിക്കണം. قَلِيلًا مِّمَّا تُحْصِنُونَ എന്നാണ് മൂലവാക്യം. ക്ഷാമകാലത്തായാലും

ക്ഷേമകാലത്തായാലും നാട്ടിലും വീട്ടിലുമൊക്കെ കുറച്ചെന്തെങ്കിലും ഭക്ഷ്യ വിഭവം സൂക്ഷിച്ചു വെച്ചിട്ടുണ്ടായിരിക്കണമെന്ന ഉപദേശമാണിതെന്ന് ചില ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന അടിയന്തര ഘട്ടങ്ങളെ നേരിടാൻ അതാവശ്യമാണ്. أحصن യുടെ ഭാവികാല ബഹുവചനമാണ് تُحْصِنُونَ. ജാഗ്രതയോടെ സംരക്ഷിച്ചു എന്നാണ് أحصنയുടെ അർഥം. സുരക്ഷാർഥം കെട്ടുന്ന കോട്ട حصن ആണ്. വിത്തിനുവേണ്ടി പ്രത്യേകം സംരക്ഷിച്ചു സൂക്ഷിച്ചിട്ടുള്ളത് എന്നുമാവാം مِّمَّا تُحْصِنُونَ ന്റെ താൽപര്യം. എത്ര ക്ഷാമമായ കാലത്തും വിത്തെടുത്ത് ഉണ്ണരുത്. വരൾച്ച മാറി മഴ വന്നാൽ വിതക്കാനുള്ള വിത്ത് കൈയിൽ വേണം.

ക്ഷാമത്തിന്റെ ഏഴാണ്ടു പിന്നിട്ടാൽ പിറ്റെ വർഷം സമൃദ്ധിയുടേതായിരിക്കുമെന്നത് സ്വപ്നത്തിൽ പറഞ്ഞിട്ടില്ലാത്ത പ്രവചനമാണ്. عَامٌ فِيهِ يُغَاثُ ٱلنَّاسُ എന്നാണ് മൂലവാക്യം. غَيْث ൽ നിന്നുള്ളതാണ് يغاث എന്ന ക്രിയ. സഹായമാണ് غيث. ആപത്ഘട്ടങ്ങളിൽ ലഭിക്കുന്ന സഹായത്തെക്കുറിക്കാനാണ് അധികവും അതുപയോഗിക്കാറുള്ളത്. ആപത്ഘട്ടങ്ങളിൽ സഹായമർഥിക്കുന്നതിന് استغاثة എന്നു പറയുന്നു. സാങ്കേതികമായി ആപത്ഘട്ടങ്ങളിൽ അദൃശ്യ ശക്തികളുടെ സഹായം തേടുകയാണ് استغاثة. ഇത് അല്ലാഹുവിനോടു മാത്രമേ പാടുള്ളൂ. വരൾച്ച ഒരാപത്താണ്. അതിൽ ലഭിക്കുന്ന ഏറ്റവും വലിയ ദൈവ സഹായമാണ് മഴ. ഈയടിസ്ഥാനത്തിൽ മഴ എന്ന അർഥത്തിലും غَيْث സാധാരണ ഉപയോഗിക്കാറുണ്ട്. فِيهِ يُغَاثُ ٱلنَّاسُ ന് അന്ന് ജനങ്ങൾക്ക് മഴ ലഭിക്കും എന്നും അർഥമാവാം. ഭാഷാർഥം പരിഗണിച്ച് എല്ലാ ദൈവസഹായങ്ങളെയും ഉൾക്കൊള്ളുന്ന അനുഗ്രഹമെന്ന തർജമയാണ് ഈ സന്ദർഭത്തിൽ കൂടുതൽ ഉചിതമായിട്ടുള്ളത്. ക്ഷാമാനന്തരം ക്ഷേമ വർഷമുണ്ടാകുമെന്ന യൂസുഫ് നബിയുടെ പ്രവചനത്തെ ഇങ്ങനെ മനസ്സിലാക്കാവുന്നതാണ്: 'ഏഴാണ്ടിലെ തുടർച്ചയായ ക്ഷാമം ഈജിപ്തിലെ സകല ജനത്തെയും പരിക്ഷീണിതരാക്കും. പരിഭ്രാന്തരാകുന്ന അവരിൽ ദൈവബോധമുണരുകയും ചെയ്യും. അപ്പോൾ തങ്ങളെ സമ്പൂർണ നാശത്തിൽ നിന്നു രക്ഷിച്ച യൂസുഫിന്റെ(അ) ആദർശം അവരെ സ്വാധീനിക്കും. അവരദ്ദേഹത്തിന്റെ അനുയായികളായിത്തീരുകയും തങ്ങളെ ബാധിച്ച മഹാക്ഷാമത്തിൽനിന്ന് മോചിതരാവാൻ സാക്ഷാൽ ദൈവത്തോട് –അല്ലാഹുവിനോട് ഭയഭക്തിയോടെ സഹായം തേടുകയും(استغاثة) ചെയ്യും. അല്ലാഹു ആ സഹായാർഥന സ്വീകരിച്ച് മഴകൊണ്ടും സമൃദ്ധമായ വിളവുകൾ കൊണ്ടും അവരെ അനുഗ്രഹിക്കും. وفيه يعصرون അതിൽ അവർ പിഴിഞ്ഞെടുക്കുകയും ചെയ്യും എന്നതിനു രണ്ടു മാനമുണ്ട്. ഒന്ന്, സമൃദ്ധമായുണ്ടാകുന്ന പഴങ്ങൾ യഥേഷ്ടം ആഹരിക്കുന്നതിനു പുറമെ അവയുടെ ചാറ് പിഴിഞ്ഞെടുത്ത്  രുചികരമായ പാനീയങ്ങളുണ്ടാക്കുകയും ചെയ്യും. എണ്ണക്കുരുക്കൾ ആട്ടിയെടുത്ത് ധാരാളം എണ്ണയും കൊഴുപ്പുമുണ്ടാക്കും. പുല്ലും വൈയ്ക്കോലും വെള്ളവും എങ്ങും സുലഭാകുന്നതിനാൽ കാലി സമ്പത്തും വർധിക്കും. അവയിൽനിന്ന് ആളുകൾക്ക് സുഭിക്ഷമായി പാലു കറന്നെടുക്കാൻ കഴിയും.

രണ്ടാമത്തെ മാനം അഭിസംബോധിതനെ പരിഗണിച്ചു കൊണ്ടുള്ളതാണ്. അയാൾ രാജാവിന്റെ പാനീയം തയാറിപ്പുകാരനാണല്ലോ. പഴച്ചാറ് പിഴിയാനുള്ള സൗകര്യത്തിന്റെ വികസനം അയാളുടെ മുന്നിൽ പ്രത്യേകം പ്രസക്തമാകുന്നു. മേത്തരം പഴച്ചാറുകൾ പിഴിഞ്ഞെടുക്കാൻ നിനക്ക് യഥേഷ്ടം പഴങ്ങൾ ലഭിച്ചുകൊണ്ടിരിക്കും എന്നു പറയുന്നതു പോലെയാണിത്. ■